പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 289 — 19.06.2019-ലെ മറുപടിക്ക്

# സുരക്ഷിത ഇടനാഴി പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ.അബ്ദു റബ്ബ്<br>" കെ.എൻ.എ ഖാദർ<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.ടി.എ.അഹമ്മദ് കബീർ | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | റോഡപകടങ്ങൾ കുറയ്ക്കുന്നതിന്റെ ഭാഗമായി ലോകബാങ്ക് സഹായ ത്തോടുകൂടി നടപ്പിലാക്കുന്ന സുരക്ഷിത ഇടനാഴി പദ്ധതി പൂർത്തിയായിട്ടുണ്ടോ; വിശദാംശ ങ്ങൾ അറിയിക്കാമോ; | (എ) | സുരക്ഷിത യാത്ര ലക്ഷ്യംവെച്ചുകൊണ്ട് കേരളാ സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് (കെ.എസ്.റ്റി.പി) നടപ്പാക്കുന്ന പദ്ധതിയാണ് സേഫ് കോറിഡോർ പദ്ധതി. അന്താരാഷ്ട്ര നിലവാരമുള്ള വേഗതാ നിയന്ത്രണ ഉപാധി കൾ, സുരക്ഷാ സമ്പ്രദായങ്ങൾ, കാൽനടയാത്ര ക്കാർക്കുള്ള സുരക്ഷാ സമ്പ്രദായങ്ങൾ, സ്കൂൾ സോൺ സുരക്ഷാ സംവിധാനങ്ങൾ, ക്രാഷ് ബാരിയർ, സിഗ്നൽ സംവിധാനങ്ങൾ, പാർക്കിംഗ് Slot കൾ, ആധുനിക ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ എന്നിവ തെരഞ്ഞെ ടുക്കപ്പെട്ട റോഡ് ഇടനാഴിയിൽ ഒരുക്കുക എന്നതാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്യുന്നത്. സംസ്ഥാനത്ത് മോഡൽ കോറി ഡോർ റോഡായി ആദ്യം തെരഞ്ഞെടുത്തത് 82 കി.മി. ദൈർഘ്യമുള്ള കഴക്കൂട്ടം - അടൂർ ദേശീയപാതയാണ്.<br>ലോകബാങ്ക് സഹായത്തോടുകൂടി നടപ്പിലാക്കുന്ന കെ.എസ്.റ്റി.പി രണ്ടാംഘട്ട പദ്ധതിയിലുൾപ്പെടുന്ന മാതൃകാ സുരക്ഷിത |

| | | | |
|---|---|---|---|
| | | | ഇടനാഴി പദ്ധതി 65% പണി പൂർത്തീകരിച്ചു. കഴക്കൂട്ടം വെട്ടുറോഡ് മുതൽ തൈക്കോട് വരെയുള്ള ലിങ്ക് റോഡും, തൈക്കോട് മുതൽ അടൂർ വരെയുള്ള എം.സി റോഡും ആണ് (ആകെ 78.65 കി.മീ.) റോഡ് സുരക്ഷയ്ക്ക് അതീവ പരിഗണന നൽകി പ്രാവർത്തികമാക്കുന്ന ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിന്റെ ആകെ അടങ്കൽ തുക 146.67 കോടി രൂപയാണ്. കെ.എസ്.റ്റി.പി കൊട്ടാരക്കര സൂപ്രണ്ടിംഗ് എൻജിനീയർക്കാണ് ഈ പ്രവൃത്തിയുടെ നിർമ്മാണ ചുമതല. പ്രസ്തുത പ്രവൃത്തിയുടെ കരാർ ഏറ്റെടുത്ത് നടത്തുന്നത് M/s. GHV-EKK (JV), Perumbavoor എന്ന കമ്പനിയാണ്. |
| (ബി) | സംസ്ഥാനത്ത് എവിടെയൊക്കെ പ്രസ്തുത പദ്ധതി നടപ്പിലാക്കിയെന്നും ഇതിന്റെ നിർവ്വഹണ ചുമതല ആർക്കാണെന്നും അറിയിക്കുമോ; | (ബി) | ദേശീയപാതയിൽ കഴക്കൂട്ടം മുതൽ അടൂർ വരെയുള്ള 82 കി.മീ. റോഡിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. കേരളാ സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് (കെ.എസ്.റ്റി.പി) യാണ് ഈ പദ്ധതിയുടെ നിർവ്വഹണ ചുമതല വഹിക്കുന്നത്. |
| (സി) | പദ്ധതി നടപ്പിലാക്കിയതുവഴി റോഡപകടങ്ങൾ കുറഞ്ഞതായി കണ്ടെത്തിയിട്ടുണ്ടോ; ഇത് സംബന്ധിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | (സി) | പദ്ധതി പ്രവൃത്തികൾ നടന്നുവരികയാണ്. പദ്ധതി പൂർത്തിയായി കഴിഞ്ഞാൽ മാത്രമേ അപകടനിരക്ക് സംബന്ധിച്ച താരതമ്യ പഠനം സാധ്യമാവുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**